# SOCIETY TODAY - 29-11-2025



സൊസൈറ്റി ടുഡേ
SOCIETY TODAY

### മത്സ്യ മേഖല സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ

## ഐ.സി.എ.ആർ–സി.ഐ.എഫ്.ടി.യും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും കൈകോർത്തു



**കൊച്ചി:** രാജ്യത്തെ മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക നവീകരണങ്ങൾക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ ഐ.സി.എ.ആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ-സി.ഐ.എഫ്.ടി), കൊച്ചി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.)യുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

ഇരുസ്ഥാപനങ്ങളുടെയും ഉന്നതാധികാരികളുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്. ഐ.സി.എ.ആർ-സിഐഎഫ്.ടിയുടെ ZTM-ABI സെന്റർ ദേശീയ തലത്തിലുള്ള ഏകോപന കേന്ദ്രമായി പ്രവർത്തിച്ച് യോഗ്യരായ സംരംഭകരെ കണ്ടെത്തി അവർക്ക് വേണ്ട സാങ്കേതിക പിന്തുണയും പരിശീലനവും നൽകും. കരാറിന്റെ ഭാഗമായി, ZTM-ABIയിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് എസ്.ബി.ഐ. മുൻഗണനാ അടിസ്ഥാനത്തിൽ വർക്ക് കാപിറ്റൽ, ടേം ലോൺ, സ്റ്റാർട്ടപ്പ് ഫിനാൻസിംഗ് എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ പദ്ധതിയുടെ യോഗ്യതയും ബാങ്കിന്റെ മാനദണ്ഡങ്ങളും പരിഗണിച്ച് അനുവദിക്കുന്നതാണ്.

മത്സ്യ മേഖലയിലെ നവീകരണവും സ്റ്റാർട്ടപ്പുകളുടെ വളർച്ചയും ഈ സഹകരണത്തിലൂടെ കൂടുതൽ വേഗതിലാകുമെന്ന് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.